LIBRARY ARCHIVES Kerala Legislative Assembly

വ്യാജ ജാതി സർട്ടിഫിക്കറ്റിലൂടെ ആനുകൂല്യങ്ങൾ സമ്പാദിച്ചവർ

155 [1963] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. പി. ടി. തോമസ്:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരെന്ന് വ്യാജ സർട്ടിഫിക്കറ്റ് നൽകി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യം സമ്പാദിച്ചത് സംബന്ധിച്ച എത്ര പരാതികൾ നിലവിലുണ്ട്;

(ബി) ഈ പരാതികൾ കിട്ടിയിട്ട് എത്ര കാലമായി;

(സി) ഇത്തരം പരാതികളിൻമേൽ തീരുമാനമെടുക്കുവാൻ കാലതാമസം വരുന്നതെന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 250-ൽപരം പരാതികൾ നിലവിലുണ്ട്.

(ബി) പല കാലഘട്ടങ്ങളിലായിട്ടാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

(സി) 1996-ലെ ആക്ട് 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുള്ളതു കൊണ്ടും കോടതിക്കേസുകൾമൂലവും തീരുമാനം എടുക്കാൻ താമസം വരുന്നുണ്ട്.

കേളകം പഞ്ചായത്തിലെ കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

156 [1964] ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ വയനാടു നിയോജകമണ്ഡലത്തിൽ കേളകം പഞ്ചായത്തിൽ പുക്കുണ്ട് കോളനിയിൽ പണിയ വിഭാഗത്തിനുവേണ്ടി 1998-ൽ എത്ര വീടുകളുടെ പണിയാരംഭിച്ചു;

(ബി) അവയുടെ പണി പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) അവയുടെ പണി ഉടനെ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ;

(ഡി) കേളകം പഞ്ചായത്തിൽ ചെട്ടിയാംപറമ്പ് കോളനിയുടെ പണി ആരംഭിച്ചത് എന്നാണ്;

(ഇ) എന്തെല്ലാം പണികളാണ് അവിടെ ചെയ്യേണ്ടത്;

(എഫ്) എന്തെല്ലാം പണികൾ അവിടെ പൂർത്തീകരിച്ചു;

(ജി) ബാക്കി പണികളുടെ ഇപ്പോഴത്തെ സ്റ്റേജ് എന്തെന്ന് വിശദീകരിക്കുമോ;

(എച്ച്) ഈ കോളനിയുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഐ) ഈ കോളനിയുടെ പണി അടിയന്തിരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 22 വീടുകളുടെ പണി ആരംഭിച്ചു.

(ബി) അവയുടെ പണി പൂർത്തിയായില്ല. 31-3-2003-ന് പഞ്ചായത്തുകളുടെ പി.ഡി. അക്കൗണ്ടുകൾ മരവിപ്പിച്ചതുകാരണം പദ്ധതി പൂർത്തീകരികരണം തടസ്സപ്പെട്ടു.

(സി) നിർദ്ദേശം നൽകുന്നതാണ്.

(ഡി) 2000-2001-ൽ

(ഇ) ഏഴ് വീടും, സെമി പെർമനന്റ് ഷെഡും കക്കൂസും.

(എഫ്) സെമി പെർമനന്റ് ഷെഡിന്റെയും കക്കൂസിന്റെയും പണി പൂർത്തീകരിച്ചു.

(ജി) 7 വീടുകളുടെ നിർമ്മാണം റൂഫ്‌ലെവൽ വരെ പൂർത്തിയായി.

(എച്ച് ആന്റ് ഐ) ഇക്കാര്യത്തിൽ നടപടി എടുക്കേണ്ടത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്താണ്. സമയബന്ധതമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

ക്രീമിലെയർ നിർണയം

157 [1965] ശ്രീ. പി. ടി. തോമസ്:

„ പ്രയാർ ഗോപാലകൃഷ്ണൻ:

„ എം. കെ. പോൾസൺ മാസ്റ്റർ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിലും മിനിസ്ട്രികളിലും നിയമിക്കപ്പെടുന്നതിന് സംവരണ കാര്യത്തിൽ സംസ്ഥാനത്തെ ഏതെല്ലാം പിന്നോക്ക സമുദായങ്ങളെ ക്രീമിലെയറിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly